


ലിറ്റിൽ കൈറ്റ്സ് കൂട്ടുകാർ

അണിയിച്ചൊരുക്കുന്ന ഇ - മാഗസിൻ



# GOVT H S AYILAM
# 2019-2020

# ഹരിതാക്ഷരങ്ങൾ

പ്രകൃതിയിലേക്കു വിദ്യാർത്ഥികളെ കൂടുതൽ അടുപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് " *ഹരിതാക്ഷരങ്ങൾ* " എന്ന ഇ - മാഗസിൻ തയ്യാറാക്കിയിട്ടുള്ളത്.മനുഷ്യൻ  പ്രകൃതിയിൽ നിന്നും വിഭിന്നനല്ലെന്നും പ്രകൃതിയുടെ ഭാഗമാണെന്നുമുള്ള അവബോധം സൃഷ്ടിക്കാൻ " *ഹരിതാക്ഷരങ്ങൾ* " പര്യാപ്തമാണെന്ന വിശ്വാസത്തോടെ വായനക്കാർക്കു മുമ്പിൽ സമർപ്പിക്കുന്നു .

*സ്നേഹപൂർവ്വം*

*ബ്യൂണ ജി നോബിൾ*

## അണിയറയിൽ

*ഹെഡ്മിസ്ട്രസ് : സതി ജെ എസ്*

*ലിറ്റിൽകൈറ്റ്സ് മാസ്റ്റർ : രാജേന്ദ്രൻ എൻ*

*വിദ്യാർത്ഥികൾ*

*അൻസി എൻ എ*

*അഞ്ജലി കൃഷ്ണ എസ്*

*പവിത്ര എസ് എസ്*

*നന്ദന ഡി എസ്*

*ഗോപു ജി ബി*

*ധീരജ് എസ് എസ്*

*അഭിനവ് എ ആർ*

*എഡിറ്റിംഗ് -*

*ബ്യൂണ ജിനോബിൾ,കൈറ്റ്മിസ്ട്രസ്*

## സന്ദേശം

അയിലം ഗവ. ഹൈസ്കൂളിലെ കുട്ടികളുടെ ഐ.റ്റി . കൂട്ടായ്മയായ "ലിറ്റിൽ കൈറ്റ്സിന്റെ രണ്ടാമത്തെ ബാച്ചിലെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ഡിജിറ്റൽ മാഗസ്സിൻ- "പ്രകൃതിയിലൂടെ"- തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം.വിവരസാങ്കേതികവിദ്യയയുടെ ഉപയോഗം പഠന-ബോധനസമ്പ്രദായത്തിൽ ഗുണപരമായ മാറ്റം കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളത് ഏവരും ഇതിനകം അംഗീകരിച്ചകാര്യമാണല്ലോ? ഈ പ്രവർത്തനങ്ങളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താനും, അവരിലെ നേതൃഗുണം വർദ്ധിപ്പിക്കാൻ അവസരമൊരുക്കുന്നതിനും "ലിറ്റിൽ കൈറ്റ്സ്" സാഹചര്യമൊരുക്കുന്നു. ഈ കൂട്ടായ്മയിലെ  അംഗങ്ങൾ അവരുടെ പഠന വിഭവങ്ങൾ ഒരു ഡിജിറ്റൽ മാഗസിനാക്കി മാറ്റുന്ന സന്ദർഭത്തിൽ  ഈ സംരഭത്തിൽ ,പങ്കാളികളായ എല്ലാ കുട്ടികളേയും അവരെ

സജ്ജരാക്കിയ അദ്ധ്യാപകരെയും അഭിനന്ദിക്കുന്നു.എല്ലാവിധ ആശംസകളും നേരുന്നു.

നിറഞ്ഞസ്നേഹത്തോടെ

ശാരിക എസ്

വിദ്യാരംഗം കൺവീനർ

# സന്ദേശം

'ലിറ്റിൽ കൈറ്റ്സ് 'കൂട്ടുകാർ
അണിയിച്ചൊരുക്കുന്ന ഐ.റ്റി. മാഗസിന്
എല്ലാ ഭാവുകങ്ങളും നേരുന്നു. ഈ നൂതന
സംരംഭത്തിന് നേതൃത്വം വഹിച്ച
ബ്യൂണ ടീച്ചർക്കും 'ലിറ്റിൽ കൈറ്റ്സ്
'കൂട്ടുകാർക്കും എന്റെ ഹൃദയം നിറഞ്ഞ
അഭിനന്ദനങ്ങൾ.

സതി ജെ എസ്

ഹെഡ് മിസ്ട്രിസ്

ഗവഎച്ച്. എസ്. അയിലം

# സന്ദേശം

നമ്മുടെ വിദ്യാലയത്തിലും ഒരു ഐ.ടി. മാഗസിൻ അണിഞ്ഞൊരുങ്ങുകയാണ്. അക്കാദമിക മികവുകളിൽ ഇത്തവണ ഒന്നാം സ്ഥാനം ഈ നൂതന സംരഭത്തിനു തന്നെ. സാങ്കേതികവിദ്യയുടെ അനന്തസാധ്യതയെ നമുക്കൊരു പുതുവത്സരസമ്മാനമായി സംഭാവന ചെയ്യുന്ന 'ലിറ്റിൽ കൈറ്റ്സ് ' അംഗങ്ങൾക്കും നേതൃത്വം വഹിച്ച ഉഷടീച്ചർ ക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

രാഖി

സ്റ്റാഫ് സെക്രട്ടറി

***Index***

# Index

Constellations............................................80
DRAWINGS OF LEARNERS......................118
DRAWINGS OF STUDENTS......................143
DRAWINGS OF YOUNG STUDENTS........98
Lovely tree..................................................83
Puppy...........................................................74
SCIENCE PARK...........................................56
*Sunflower*..................................................52
The poor shepherd.....................................141
ആരും അറിയാതെ.........................................57
ഉപദേശിക്കാൻ പോയ പക്ഷി............................102
എന്റെ നാട്.......................................................99

ഏഴ് നിറമുള്ള കടലാസ് പെൻസിൽ..................131
ചെടി.........................................................126
തത്തമ്മയും അണ്ണാറക്കണ്ണനും..........................123
തിളക്കമാർന്ന നേട്ടങ്ങൾ....................................28
ദശാബ്ദ സ്മരണകൾ..........................................20
നന്ദിയോടെ..................................................144
പുതിയ ആകാശം പുതിയ ഭൂമി..........................115
പൂക്കളെവിടെ................................................107
പൂപ്പുഞ്ചിരി.......................................................78
പ്രകൃതി.............................................................33
പ്രകൃതിയുടെ ശബ്ദം.........................................136
മഴക്കാലത്ത്.......................................................70
മഴയും വെയിലും...............................................95
മോൾ കണ്ട സുന്ദരസ്വപ്നം.................................44
രാത്രിയുടെ ഭംഗി............................................119
ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്............................14

ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് അംഗങ്ങൾ............18
വരൾച്ചപ്രതിരോധമാർഗ്ഗങ്ങൾ...........................90
സന്ധ്യ......................................................86
സൂര്യൻ....................................................93
ഹരിത വിദ്യാലയം........................................77
ഹായ്! എത്ര സുന്ദരം......................................40
ഹൈടെക് വിദ്യാലയങ്ങൾ..............................26

## ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം ഓരോരുത്തരും സ്വയം നിർമ്മിക്കേണ്ടതാണെന്നുള്ള തിരിച്ചറിവ് വിദ്യാഭ്യാസരംഗത്തെ മാറ്റിമറിച്ചു. സ്വയം പഠിക്കുകയും ഒപ്പം പാഠ്യ വസ്തുവിൽ അവബോധവും താത്പര്യവും അഭിരുചിയും സൃഷ്ടിക്കകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ വിദ്യാലയ അന്തരീക്ഷത്തിൽ തന്നെ സാധ്യമാകുന്നത് ഇത്തരുണത്തിൽ അത്യാവശ്യമാകുന്നു. വിദ്യാലയ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ദൈനംദിന പഠനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും

സാങ്കേതികസൗകര്യങ്ങളുടെ
പ്രയോജനത്തിലും വിദ്യാർത്ഥികളെക്കൂടി
സമുചിതമായി   പങ്കാളികളാകേണ്ടത് ആ
പ്രവർത്തനങ്ങളുടെ നടത്തിപ്പിന്
അനുപേക്ഷണീയമാണ് .

ഹൈടെക്കവിധാനത്തിൽ പഠനപ്രവർ
ത്തനങ്ങൾ കൂടുതൽ സാങ്കേതിക
വിദ്യാധിഷ്ഠിതമായതോടെ അദ്ധ്യാപകർ
ക്കൊപ്പം പ്രവർത്തനങ്ങളുടെ നിർമ്മിതിയിലും
നടപ്പിലും സജ്ജീകരണത്തിലും വിഭവങ്ങളുടെ
നിർമ്മാണത്തിലും വിഭവങ്ങളുടെ നിർ
മ്മാണത്തിലും സാങ്കേതിക വൈദഗ്ധ്യമുള്ള
ഒരു സംഘം കുട്ടികൾ വിദ്യാലയത്തിൽ
തന്നെ സജ്ജരാകേണ്ടതുമുണ്ട്.

ഇതിനായി തിരഞ്ഞെടുക്കപ്പെട്ട സ്കൂളിൽ ലിറ്റിൽ കൈറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയുണ്ടായി. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ അംഗത്വം നമ്മുടെ സ്കൂളിനും ലഭിച്ചു. 2019 ജൂണിൽ  അഭിരുചി പരീക്ഷ നടത്തി കുട്ടികളെ തിരഞ്ഞെടുക്കുകയും ജൂൺ മുതൽ എല്ലാ ബുധനാഴ്ചയും വൈകുന്നേരങ്ങളിൽ അവർക്ക് പ്രത്യേകതരം ക്ലാസുകൾ നടത്തുകയും മാസത്തിലൊരിക്കൽ കുട്ടികൾക്കായ് എക്സ്പേർട്ട്ക്ലാസ്അവധിക്കാലപരിശീലനങ്ങൾ തുടങ്ങിയവയും നടത്തി വരുന്നു.

ഹൈടെക് ഉപകരണങ്ങളുടെ ശരിയായ ഉപയോഗരീതിയും പരിശീലനവും

***കംപ്യൂട്ടർ ഹാർഡ് വെയറിന്റെ പ്രാഥമിക തലത്തിലുള്ള പ്രശ്നനിർദ്ധാരണവും കുട്ടികൾക്ക് കൂടുതൽ മനസ്സിലാക്കാൻ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കും.***

## ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ്

## അംഗങ്ങൾ

*അനന്തകൃഷ്ണൻ എ ആർ*

*ആൽഫിയാ എസ്*

*വൈഷ്ണവ് ഡി*

*അഞ്ജിത കൃഷ്ണ എസ് ആർ*

*രേവതി എസ് ഡി*

*അമൽക്കൃഷ്ണ എസ്*

*അഭിനന്ദ് ബി ആർ*

*അനന്യ അജി*

*ധീരജ് എസ് എസ്*

*ഗോപു ജി ബി*

ആരതി എ ആർ

അഭിനവ് എ ആർ

അഞ്ജലീകൃഷ്ണ എസ്

സൂരജ് എസ് ബി

നന്ദന ഡി എസ്

കൃഷ്ണദേവ് കെ എസ്

അഭിജിത്ത് എം

അനുപ്രിയ ബി

പവിത്ര സുരേഷ്

ആൽഫിയാ എസ്

## ദശാബ്ദ സ്മരണകൾ

*കൊല്ലവർഷം 1080(എ.ഡി.1905) ചിങ്ങം 1 ന് കുടിപ്പള്ളിക്കൂടമായാണ് ഈ സ്കൂളിന്റെ ആരംഭം. അയിലം പാറയം വീട്ടിൽ ഗോവിന്ദപ്പിള്ള ആയിരുന്നു ആദ്യത്തെ എഴുത്താശാൻ. 1916-ൽ അന്നത്തെ തിരുവിതാംകൂർ മഹാരാജാവ് ഗ്രാന്റ്സ്കൂളായി അംഗീകാരം നൽകി. അതോടെ അന്നത്തെ ഫോർത്ത്ഫോറം (ഇന്നത്തെ നാലാം ക്ലാസു)വരെ പഠിക്കാൻ അവസരം ഉണ്ടായി. അന്ന് ഈ സ്കൂളിന്റെ ചുമതല ശ്രീ രാമൻ പിള്ളക്കായിരുന്നു. അദ്ദേഹം*

കുടുംബസ്വത്തിൽ നിന്നും സ്കൂളിന്റെ വികസനത്തിനായി ഭൂമി വെറുതെ നൽകുകയായിരുന്നു. അതിനുശേഷം അപ്പുറത്തു വീട്ടിൽ കുട്ടൻ പിള്ളക്കായിരുന്നു ചുമതല. കേരളരൂപീകരണത്തിനു ശേഷം ഈ സ്കൂൾ **LP** സ്കൂളായി അറിയപ്പെട്ടു. 01-051962-ൽ അന്നത്തെ **B.D.O** ആയിരുന്ന ശ്രീ.എം.ജോർജ്അവർകൾ സ്കൂളിന് പുതിയ കെട്ടിട ശിലാസ്ഥാപനം നിർവഹിച്ചു. തുടർന്ന് 1984-ൽ **UP** സ്കൂളായി അപ്ഗ്രേഡ് ചെയ്തു.ശ്രീ.ഇടക്കോട് കുഞ്ഞുകൃഷ്ണപിള്ള, ശ്രീ.അവനവൻചേരി ഗോവിന്ദപിള്ള, ശ്രീ തോട്ടത്തിൽ കൃഷ്ണൻ തുടങ്ങിയവർ ആദ്യകാല

അധ്യാപകരാണ്. ആദ്യ വിദ്യാർത്ഥി മേലതിൽ വീട്ടിൽ കുഞ്ഞൻ ആയിരുന്നു. 2001-**EAS** പദ്ധതിപ്രകാരം ചിറയിൻകീഴ് ബ്ലോക്കിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് ആദ്യ കോൺക്രീറ്റ് കെട്ടിടത്തിന് അന്നത്തെ ബ്ലോക്ക് പഞ്ചായത്ത്പ്രസിഡന്റ് അഡ്വക്കേറ്റ് ശ്രീ.എസ്.ലെനിൻ ശിലാസ്ഥാപനവും 14-6-2002-ൽ അന്നത്തെ ഗ്രാമവികസനവകുപ്പ് മന്ത്രി ശ്രീ.സി.എഫ്.തോമസ് ഉൽഘാടനവും നിർവഹിച്ചു . തുടർന്ന് 2002 - ൽ ബഹു.എം.പി ശ്രീ.വർക്കല രാധാകൃഷ്ണന്റെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് കെട്ടിടവും 2004 -2005 ൽ **SSA**

ഫണ്ടുപയോഗിച്ച് കെട്ടിടങ്ങളുടെ

കൂട്ടിച്ചേർക്കലുകളും തുടർന്ന് ബഹു.എം.പി

**Dr.**സമ്പത്ത് അവർകളുടെ പ്രാദേശിക

വികസന ഫണ്ടുപയോഗിച്ച് 2010 ൽ പുതിയ

കെട്ടിടവും നിർമ്മിച്ചു. തുടർന്ന്2007-2008

വർഷത്തിൽ **SSA** സംസ്ഥാനതലത്തിൽ

മികച്ചമാതൃകാവിദ്യാലയമായിപ്രഖ്യാപിക്കുക

യും സ്കൂൾ മികവുകളെ സംസ്ഥാന

മികവുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു.

സ്കൂൾ മികവുകളിലെ പ്രവർത്തനങ്ങൾ

വിലയിരുത്തി 2009 - ൽ അന്നത്തെ

ഹെഡ്മാസ്റ്റർ ആയിരുന്ന മധു സാറിന്

മികച്ച അധ്യാപകനുള്ള സംസ്ഥാന

അധ്യാപക അവാർഡും ഗുരുശ്രേഷ്ഠ

പുരസ്കാരവും ലഭിക്കുകയുണ്ടായി.
നാട്ടുകാരുടെ ശ്രമഫലമായി 2010 ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി സർക്കാരിനെ സമീപിക്കുകയും 2011-12 അധ്യയന വർഷത്തിൽ **RMSA** പദ്ധതിയിൽ ഉൾപ്പെടുത്തി ഹയർ സെക്കൻഡറി സ്കൂൾ ആയി ഉയർത്തുകയും ചെയ്തു. നിലവിൽ ഹൈസ്കൂൾ വിഭാഗം വരെ പ്രവർത്തിക്കുന്നു . 2014-15 -ലെ ആദ്യ **SSLC** ബാച്ചിൽ 51 കുട്ടികളും 2015-16 ലെ **SSLC** ബാച്ചിൽ 54 കുട്ടികളും പരീക്ഷ എഴുതി.ഇപ്പോഴത്തെ ഹെഡ്മിസ്ട്രസ് സതി ജെ എസ് ടീച്ചറിന്റെ നേതൃത്വത്തിൽ  അധ്യാപകരും അനധ്യാപകരും ഉൾപ്പെടെ  22 ഓളം പേർ

*പ്രവർത്തിക്കുന്നു. 385  ഓളം കുട്ടികൾ പഠിക്കുന്നു*

*അനന്തകൃഷ്ണൻ എ  ആർ*

# ഹൈടെക് വിദ്യാലയങ്ങൾ

*നാല്പത്തയ്യായിരം ഹൈടെക് ക്ലാസുകളോടെയാണ് 2018-19 അദ്ധ്യായന വർഷം ആരംഭിച്ചത്.ഹൈസ്കൂൾ ഹയർ സെക്കന്ററിക്ലാസുകൾ പൂർണ്ണമായും ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെയാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. കേരള ഇൻ ഫ്രാ സ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (**KITE**) ആഭിമുഖ്യത്തിൽ സജ്ജമാക്കിയ സമഗ്ര വെബ്പോർട്ടലും ആപ്പും ഹൈടെക് ക്ലാസുകളിലെ പഠന പ്രക്രിയ കൂടുതൽ ക്രിയാത്മകവും സർവ്വാത്മകവുമാക്കി മാറ്റുന്നു.അദ്ധ്യാപകരുടെ പാഠാസൂത്രണം , പഠനസാമഗ്രഹികൾ, ചോദ്യപേപ്പറുകൾ, ഡിജിറ്റൽ ടെക്സ്റ്റ് എന്നിവയെല്ലാം സമഗ്രയിൽ ലഭ്യമാണ്. പതിനായിരത്തോളം സൂക്ഷ്മതല ആസൂത്രണങ്ങളും സമഗ്രയിൽ ഇപ്പോൾ*

ലഭ്യമാണ്. ദൃശ്യശ്രവ്യ മാധ്യമങ്ങളുടെ സഹായത്തോടെ എല്ലാ നിലവാരത്തിലുള്ള കുട്ടികളേയും പഠനത്തിന്റെ ഭാഗമാക്കാൻ അദ്ധ്യാപകർക്കു സാധിക്കുന്നു . കുട്ടികളുടെ പങ്കാളിത്തം പഠനക്രിയയിൽ സാധ്യമാക്കുന്നുവെന്നതാണ് ഹൈടെക് ക്ലാസ്സുകളുടെ മുഖ്യ ആകർഷണീയത. അന്താരാഷ്ട്ര നിലവാരമുള്ള വിദ്യാഭ്യാസത്തിലേക്കു കേരളം എത്തിയെന്നതിൽ നമുക്ക് അഭിമാനിക്കാം.

ജോയ്

മലയാളം അദ്ധ്യാപകൻ

## തിളക്കമാർന്ന നേട്ടങ്ങൾ

- *2007 – 2008 വർഷത്തിൽ* ***SSA*** *സംസ്ഥാനതലത്തിൽ മികച്ച മാതൃകാ വിദ്യാലയമായി പ്രഖ്യാപിച്ചു.*
- *2009 – ൽ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന മധു സാറിന് മികച്ച അധ്യാപകനുള്ള സംസ്ഥാന അധ്യാപക അവാർഡും ഗുരുശ്രേഷ്ഠ പുരസ്കാരവും ലഭിച്ചു.*
- *2009-10 വർഷത്തിൽ ഹരിത വിദ്യാലയം അവാർഡ് ലഭിച്ചു.*

- 2010-11 വർഷത്തിൽ നാഷണൽ ഗ്രീൻ കോർപ്സ് അവാർഡ് ലഭിച്ചു.
- 2015 -16 ലെ **SSLC** പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ ഏകവിദ്യാലയം
- 2015 -16 ലെ **SSLC** പരീക്ഷയിൽ 100% വിജയം നേടിയ വിദ്യാലയത്തിനുള്ള വിദ്യാഭ്യാസ അവാർഡും ക്യാഷ് അവാർഡും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചു.
- ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ, 2016-17 ലെ മികച്ച ഹെഡ്മാസ്റ്റർക്കുള്ള 'അടുപ്പം പദ്ധതി'

അവാർഡ് ബഹു.വിദ്യാഭ്യാസ വകുപ്പു മന്ത്രിയിൽ നിന്നും അനിൽ സാറിനു ലഭിക്കുകയുണ്ടായി.

- 2016-17 ലെ , ഹൈസ്കൂൾ വിഭാഗത്തിൽ മികച്ച പൊതുവിദ്യാലയത്തിനുള്ള സ.കെ.എസ്.അനിൽകുമാർ മെമ്മോറിയൽ എവർറോളിങ്ങ് ട്രോഫി (**KSTA**, ആറ്റിങ്ങൽ) ലഭിച്ചു.

. ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മാതൃകാപരമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ, 2016-17 ലെ മികച്ച

*പി റ്റി എ ക്കുള്ള 'അടുപ്പം പദ്ധതി' അവാർഡ് ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയിൽ നിന്നും അനിൽ സാറിനു ലഭിക്കുകയുണ്ടായി.*

- *2016 -17 ലെ **SSLC** പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ ഏകവിദ്യാലയം*
- *2017 -18 ലെ **SSLC** പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ വിദ്യാലയം*
- *2017-18 ലെ, **SSLC** പരീക്ഷയിൽ ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം നേടിയ വിദ്യാലയത്തിന്*

*സ.കെ.എസ്.അനിൽകുമാർ*

മെമ്മോറിയൽ എവർറോളിങ്ങ്

ട്രോഫി (**KSTA**, ആറ്റിങ്ങൽ) ലഭിച്ചു.

. 2018 -19 ലെ **SSLC** പരീക്ഷയിൽ

ആറ്റിങ്ങൽ ഉപജില്ലയിൽ 100% വിജയം

നേടിയ വിദ്യാലയം.

# പ്രകൃതി



എത്ര മനോഹരമായ  പച്ചപ്പരവതാനിയായ പ്രകൃതി.മനുഷ്യന്റെഅത്യാവശ്യഘടകങ്ങളെല്ലാ ാം പ്രകൃതിയുടെ വരദാനമാണ്. പ്രകൃതി സുന്ദരമായ ഒരു      ലോകത്തെ സൃഷ്ടിക്കുന്നു.മനുഷ്യനുൾപ്പെടെ എല്ലാം പ്രകൃതിയുടെ ഭാഗമാണ്. വയലോലകളും

കുന്നിൻ പുറങ്ങളും നീർത്തോടുകളും മരങ്ങളും നദികളും സർവ്വചരാചരങ്ങളും കൊണ്ട് സമ്പന്നമാണ് പ്രകൃതി. മരങ്ങൾ ക്കിടയിലൂടെ കുളിർക്കാറ്റുവീശുമ്പോൾ അവ നൃത്തം ചെയ്യുന്നു. കൊച്ച് നീർ ത്തോടുകളിലെ തെളിവെള്ളം ഒരുമിച്ചണഞ്ഞ് പുഴയായി ഒഴുകുന്നു. വിശാലമായ വയലേലകളിലെ മനോഹരമായ പച്ചനിറം, കുംഭച്ചൂടിൽ പവിഴഭംഗികൊണ്ട് നിൽക്കുന്ന നെൽക്കതിരുകൾ . കാലങ്ങൾക്കുമുമ്പ് എത്ര സുന്ദരമായിരുന്നു ഇവയെല്ലാം.ഇന്ന് ഇവയൊക്കെ അപ്രത്യക്ഷമായി . എല്ലാം തകിടം മറിഞ്ഞു. പ്രകൃതിയുടെ താളം തെറ്റുന്നതിന് ഇവ കാരണമായി.

മരക്കൊമ്പിലിരിക്കുന്ന ചകോരവും വയൽ വരമ്പിൽ തപസ്സുചെയ്യുന്ന കൊറ്റികളും എവിടെ? ഇതിനെല്ലാം കാരണം മനുഷ്യനാണ്.

ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കും ഒരേ പ്രാധാന്യമാണുള്ളത്. മനുഷ്യൻ ഒഴികെയുള്ളവയെല്ലാം പ്രകൃതിയെ സംരക്ഷിക്കുന്നു. അവയ്യെല്ലാം മനുഷ്യരെ പേടിയാണ് . മനുഷ്യർ എത്തിച്ചേരാത്ത ഒരു പറുദീസ  തേടി അവർ അലയുകയാണ്. എന്തു ക്രൂരതയാണ് മനുഷ്യൻ ചെയ്യുന്നത്. മറ്റു ജീവജാലങ്ങൾക്കു താമസിക്കാനുള്ള ആവാസവ്യവസ്ഥകളെല്ലാം നശിപ്പിക്കുന്നു.

ജീവജാലങ്ങളെ കൊന്നൊടുക്കുകയും ഭക്ഷണമാക്കുകയും ചെയ്യുന്നു. അതുമൂലം അവയുടെയൊക്കെ  വംശം തന്നെ ഇല്ലാതാകുന്നു. വയൽ,കുന്ന് തുടങ്ങിയവയൊക്കെ തരിശാകുന്നു. അവിടെ വലിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നു. വികസനം , ഇതെല്ലാം വികസനം മാത്രമാണ്. മനുഷ്യൻ മാത്രം ബാക്കിയാകുന്നതിനെയാണോ വികസനംഎന്നുപറയുന്നത്.പ്രകൃതിയുടെസന്തുലിതാവസ്ഥ നിലനിർത്തിപ്പോന്നിരുന്നവയായിരുന്നു കാവുകൾ.രാക്ഷസയന്ത്രങ്ങൾ പാറകൾ ഭക്ഷിക്കുകയാണ്. മരങ്ങളില്ലാ കുന്നുകളില്ലാ അതിനാൽ മഴയും നിലച്ചു പോയി.

സമീപകാലത്ത് അത് നാം കണ്ടതാണ് അതായിരുന്നു പ്രളയം. എപ്പോഴായാലും നഷ്ടപ്പെടാം എന്ന യാഥാർഥ്യം നാം മനസിലാക്കണം.

എല്ലാ ജീവജാലങ്ങളേയും പ്രകൃതിമാതാവിനേയുംസംരക്ഷിക്കേണ്ടത് നമ്മുടെ കടമയായിക്കരുതാം.സംരക്ഷിക്കാം പ്രകൃതിയോടിണങ്ങിച്ചേരാം.

-ആൽഫിയാ എസ്



**ഹായ്! എത്ര സുന്ദരം**

*കുട്ടൻ*

*വള്ളിപ്പടർപ്പുകൾക്കിടയിലൂടെ*

*നടന്നു .*

കുളക്കടവിലിരുന്നു ....
തെളിഞ്ഞ വെള്ളം
വെള്ളത്തിലമ്പൽ
വട്ടത്തിലുള്ളഇലകൾ
വെള്ളാമ്പൽ പൂക്കൾ ചിരിച്ചു
കുട്ടൻ എണ്ണി
ഒന്ന് രണ്ടു മൂന്നു നാല്
..... നാലുപൂക്കൾ
ഇലയിൽ കുഞ്ഞുതാവള
നീന്തിക്കളിക്കുന്ന മീനുകൾ
കരയിൽ പാതിരിക്കുന്ന
ഒരു മീൻ കൊതി ( പൊന്മാൻ )

*കുഞ്ഞിക്കാട്ടിൽ തലയാട്ടുന്ന*

*ചെടികൾ*

*കുളത്തിലേക്ക് തെങ്ങുകൾ*

*തലനീട്ടി നോക്കുന്നു*

*ആകാശ മേഘങ്ങൾ വെള്ളത്തിൽ*

*തെളിഞ്ഞു കാണുന്നു*

*സമയം പോയതറിഞ്ഞില്ല*

*ഹായ്! എന്ത് സുന്ദരം*

*"കുട്ടാ ...... കുട്ടോ,"*

*അമ്മയുടെ ഒച്ച പൊങ്ങി .*

*കുട്ടൻ വീട്ടിലേക്കോടി*

എന്താ കുട്ടാ ,അവിടെ ഇത്ര

കാണാൻ ? അമ്മൂമ്മ തിരക്കി

കുട്ടൻ തന്റെ ചിത്ര പുസ്തകം

എടുത്തു

കുളം വരച്ചു .......

നിറം കൊടുത്തു ....

"ഇതാ അമ്മൂമ്മേ .....""ഹായ്!

എന്ത് ഭംഗി "അമ്മൂമ്മ പറഞ്ഞു

-വൈഷ്ണവ് ഡി



## മോൾ  കണ്ട സുന്ദരസ്വപ്നം

*മോളെ, മോളെ എന്ന്  ആരാണു  വിളിച്ചത്?*

*മോൾ കട്ടിലിൽ കിടന്നു കൊണ്ട് പുറത്തേക്കു*

*നോക്കി. നേരം  വെളുത്തു  വരുന്നു.*

*ജനലിനോട് ചേർന്നുള്ള  പൂന്തോട്ടത്തിൽ*

*കിളികൾ പാടുന്നു... "മോളെ" അല്ലാ*

ഇതാരാണ് തലയാട്ടി  വിളിക്കുന്നത്!
ജനാലയ്ക്കരികിൽ റോസാപ്പൂവോ? പാതി
വിടർന്ന മനോഹരമായ പൂ! അതിന്റെ
മണം!.... പൂവിനടുത്തുചെന്ന് മോൾ
അതിന്റെ ഇതളുകളിൽ മുഖമമർത്തി.
അപ്പോഴാണു മോൾ കാണുന്നത്.
ഇതളുകൾ നിറയെ കണ്ണുനീർ മുത്തുകൾ
അത് തുള്ളികളായി  താഴെ വീഴുന്നു! ഇത്ര
സുന്ദരിയായ പൂ കരയുമോ? " എന്തുപറ്റി?"
മോൾ ചോദിച്ചു
"മോൾ മറന്നുപോയോ? ഇന്ന്
ചാച്ചനെഹ്രുവിന്റെ ചരമദിനമല്ലേ?....."
ഓ അത് ശരി. ഇന്നലെ ടിച്ചർ
ചാച്ചനെഹ്രുവിന്റെ കഥ പറഞ്ഞത്

ഓർക്കുന്നു. പുഞ്ചിരിച്ചുകൊണ്ട് നിൽക്കുന്ന ചാച്ചയുടെ പടവും സാർ കാണിച്ചു. ചാച്ചയുടെ കോട്ടിൽ ഒരു റോസാപ്പൂവും ഉണ്ടായിരുന്നുവല്ലോ."നെഹ്റു മാമന്റെ കോട്ടിലിരിക്കുന്ന ആ പുവിനോട് മോൾക്ക് അസൂയതോന്നിയതാണ് അപ്പോൾ...

"നെഹ്റുമാമന്റെ കോട്ടിൽ കയറിപ്പറ്റാൻ പറ്റുകില്ലല്ലോ എന്നോർത്താണോ നീ കരയുന്നത്?"

"അതിനുള്ള ഭാഗ്യം എനിക്കില്ലാതെപോയി... എങ്കിലും അദ്ദേഹത്തിന്റെ ഒരംശം എന്നിലുണ്ട്. അതല്ലോ ഞാൻ കരഞ്ഞു പോയത്..."

"മനസിലായില്ലല്ലോ."

"പറയാം. ചാച്ചനെഹറു ഈ നാടിനെയും ഇവിടത്തെ ജനങ്ങളെയും എത്രയേറെ സ്നേഹിച്ചു! താൻ മരിച്ചാൽ ചിതാഭസ്മം ഇവിടത്തെ പുണ്യതീർഥങ്ങളിലും വയലുകളിലും വിതറണം എന്ന് ആ മഹാൻ എഴുതിവെച്ചു. അങ്ങനെ മരണത്തിനുശേഷവും ഇവിടുത്തെ ചെടികളിലും വായുവിലും വെള്ളത്തിലും അലിഞ്ഞുചേർന്നു കിടക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം.

"മോൾക്കു വിശ്വാസമായില്ല. വർഷമെത്ര കഴിഞ്ഞു. ഇനി നെഹ്റുമാമന്റെ അംശം ഇവിടെ എങ്ങനെശേഷിക്കാനാണ്.....

"മോൾക്കു വിശ്വാസമായില്ലല്ലേ. ഈ ലോകത്തിലെ എല്ലാ  വസ്തുക്കളും ആറ്റങ്ങൾ കൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് മോൾക്കു അറിയില്ലേ? ഈ ആറ്റങ്ങൾ വളരെ ചെറുതാണെന്ന്."

"അതിന്?"

"പറയാം മോളെ. ചാച്ചനെഹ്രുവിന്റെ  ശരീരത്തിലും അനേകം കോടി ആറ്റങ്ങൾ ഉണ്ടായിരുന്നു. കാർബൺ, നൈട്രജൻ, ഹൈഡ്രജൻ, ഓക്സിജൻ,സൾഫർ, ഇരുമ്പ്, കാൽസ്യം, എന്നിങ്ങിനെ എത്രയോ മൂലകങ്ങളുടെ അനേകം കോടി ആറ്റങ്ങൾ."

"പക്ഷേ അദ്ദേഹം മരിച്ചപ്പോൾ അതെല്ലാം നശിച്ചില്ലേ?"

"ഇല്ല മോളെ. ഒന്നും നശിക്കുന്നില്ല. നാം അദ്ദേഹത്തിന്റെ ദേഹം ദഹിപ്പിച്ചു. അപ്പോൾ എന്താണുണ്ടായതെന്നോ? ആ ശരീരത്തിലെ അനേകകോടി ആറ്റങ്ങൾ വെള്ളമായും കാർ ബൺഡയോകസൈഡായും നൈട്രജൻെറ ഓക്സൈഡുകളായും മറ്റും ഈ വായുവിൽ ചേർന്നു. അത് ഈ ലോകം മുഴുവൻ വ്യാപിച്ചു. അദ്ദേഹത്തിൻെറ ചിതയിൽ നിന്ന് കിട്ടിയ ഭസ്മത്തിലെ ഘടകങ്ങളും ഈ നാടിൻെ റ മണ്ണിലലിഞ്ഞുചേർന്നു."

'പക്ഷേ അവ ഇത്ര ദൂരെവരെ എത്തുമോ?"

"ഉവ്വ് മോളെ.മോൾക്ക് ആറ്റങ്ങൾ എത്രമാത്രം ചെറുതാണെന്ന് അറിയാൻ വയ്യാഞ്ഞിട്ടാണീ സംശയം. ഭാരതത്തിലെ ഓരോ മുക്കിലുമുള്ള വായുവിൽ അദ്ദേഹത്തിൻെറ ശരീരത്തിൽനിന്നു വന്ന ആറ്റങ്ങൾ ഉണ്ട്. ലോകം മുഴുവനും ആറ്റങ്ങൾ ഉണ്ട്. അത് ഇവിടെത്തെ ചെടികൾ വലിച്ചെടുത്തിട്ടുണ്ട്. അതല്ലേ എന്നിലും അദ്ദേഹം ഉണ്ട് എന്നു ഞാൻ പറഞ്ഞത്."

"അപ്പോൾ എൻെറ ദേഹത്തും ഉണ്ടോ?

"തീർച്ചയായും ഉണ്ട്. മോടെ ദേഹത്തിൽ എത്രയോ കോടി ആറ്റങ്ങൾ അതിൽ

കുറച്ചെങ്കിലും അദ്ദേഹത്തിന്റെ

അംശംതന്നെ. അതിൽ നമുക്കെല്ലാം

അഭിമാനിക്കാം മോളെ. മഹത്തായ

കാര്യങ്ങൾ  ചെയ്യാൻ നമുക്ക് ആ വിശ്വസം

പ്രചോദനം നൽകും...."

-അഞ്ജിത കൃഷ്ണ എസ്  ആർ

# ***Sunflower***



I will tell you
about the sunflower I found
on the sidewalk yesterday.
It is wilting and curled and gorgeous
and knows it.

I want to age like that,
never forgetting my own beauty,
never forgetting how to say bloom.

*-ABHINAND .B.R*

# SCIENCE PARK





# ആരും അറിയാതെ



*തിരുവാണിക്കുളം  അത് ഒരിക്കൽ ഒരു ഗ്രാമമായിരുന്നു. അത് ഇപ്പോൾ നഗരമാണോ? ഗ്രാമമാണോ? എന്നാൽ അവിടെ രണ്ടു സവിശേഷതകൾ നടമാടുന്ന കാലം. മൽത്സ്യത്തൊഴിലാളിയായ രാമു അയാൾഒരുമൽത്സ്യത്തൊഴിലാളിയാണെങ്കില*

റും അദ്ദേഹത്തിന് എല്ലാത്തിനും വ്യക്തമായ അറിവുണ്ടായിരുന്നു. പ്രകൃതിയെ കുറിച്ച്, ജീവജാലങ്ങളെക്കുറിച്ചു ഇതൊന്നും പുസ്തകങ്ങളിൽ നിന്ന് പകർന്നുലഭിച്ച അറിവല്ല.പ്രകൃതിയാകുന്ന ഗുരു പകർന്നുകൊടുത്തതായിരുന്നു. തിരുവാണിക്കുളത്തു വലിയപണക്കാരും ഒരുപോലെ താമസിച്ചു  പോന്നിരുന്നു. എന്നാൽ ഇവർ തമ്മിൽ പരസ്പര സ്നേഹം ഒരിക്കൽ പോലും ഉണ്ടായിരുന്നില്ല. ഇപ്പോഴും ഉയർന്നവർ താഴ്ന്നവരെ പരിഹസിച്ചിരുന്നു. നല്ല വിദ്യാഭ്യാസം ഉണ്ടായിരുന്നതിനാൽ താഴ്ന്നവർ ഉയർന്നവരുടെ വാക്കിനെ എപ്പോഴും കൂടുതലായി വിശ്വസിച്ചിരുന്നത്.

***ഇക്കാരണത്താൽ താഴ്ന്നവർക്കിടയിലും സ്നേഹം ഉണ്ടായിരുന്നില്ല.***

***രാമുവിന് രണ്ടു കുട്ടികളും ഭാര്യയും ഒരു അമ്മയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ കുടുംബത്തെ നോക്കാൻ എന്നും കടലിലേക്കുപോകുമായിരുന്ന രാമു ഒരു കൃഷിക്കാരൻ കൂടിയായിരുന്നു. തന്റെ കുടുംബത്തെ മാത്രം ചിന്തിക്കുന്ന ആളുകൾക്ക് മാതൃകയായിരുന്നു രാമു. അദ്ദേഹം ജനങ്ങൾ ഒരുപോലെ പരസ്പരസ്നേഹത്തോടെ ജീവിക്കുന്ന കാലം എപ്പോഴും സ്വപ്നം കണ്ടിരുന്നു. എന്നാൽ അയാളെ പലപ്പോഴും ആ നാട്ടുകാർ***

കളിയാക്കുമായിരുന്നു. ഒരിക്കലും അദ്ദേഹത്തിന് അവിടെ വില ലഭിച്ചിരുന്നില്ല. ഒരിക്കൽ എന്നത്തേക്കാളും നല്ല കാറ്റും മഴയും ഉണ്ടായിരുന്നു. അത് ഓരോ നിമിഷത്തോടടുക്കുമ്പോൾ വർധിച്ചുകൊണ്ടിരിക്കുന്നു. ആ മഴ രാമുവിന് എത്തിച്ച വിവരം വരാനിരിക്കുന്ന ആ വെല്ലുവിളിയുടെ ആരവങ്ങളായിരുന്നു. രാമുവിന് മനസ്സിൽ തട്ടിയ ഉറപ്പായിരുന്നു അത്, ഉറപ്പായും ഇവിടെ ഈ ഗ്രാമത്തെ ഒത്തുവിഴുങ്ങാനായ് ഒരു ദുരന്തം വിതുങ്ങി നിൽക്കുകയാണെന്ന്. രാമുവിന് ഭയം വർധിച്ചു. ശക്തി കുറയുന്നതായി അനുഭവപ്പെട്ടു. ആര് പരിഹസിച്ചാലും ആ

ദുരന്തത്തെക്കുറിച്ചു  പറയാൻ അവൻ തയ്യറായി. അവൻ എല്ലാവരോടും ഇക്കാര്യം പറഞ്ഞു.

ഇതൊക്കെ പലപ്പോഴും പല ആളുകളും പറഞ്ഞ കാര്യങ്ങളാണ്. ഇതുവരെ അങ്ങനെയൊന്ന് സംഭവിച്ചിട്ടേയില്ല. ഇനി സംഭവിക്കാനും പോകുന്നില്ല. എന്നൊക്കെ രാമുവിന്റെ വാക്കിനെ അവർ തള്ളിപ്പറഞ്ഞു. രാമുവിനോട് അവർക്ക് പരിഹാസം ഇപ്പോൾ പതിൻമടങ്ങായി വർധിച്ചു. എന്നാൽ അവനെ കൊണ്ടാക്കുന്നവിധം അവൻ അവരെ മനസിലാക്കാൻ ശ്രമിച്ചു. എന്ത് അവസരത്തിലും ഒരുമിച്ചുനിൽക്കാനുള്ള

അവന്റെ താല്പര്യം അവരിൽ നിന്ന് പിന്തിരിപ്പിച്ചില്ല. അവൻ സ്വാർത്ഥതകാട്ടിയില്ല. തന്റെ കുടുംബത്തെക്കൂടി അവൻ അവിടെ താമസിപ്പിച്ചു. ചെറിയൊരു വിശ്വാസം അവരുടെ വാക്കിൽ അവനുണ്ടായതാണ് ഇതിനുകാരണം. എന്നാൽ ഒരൊറ്റ ദിവസം കൊണ്ട് ആ ഗ്രാമത്തിലെ സ്ഥലങ്ങൾ ഒന്നില്ലാതെ ജലത്താൽ മുങ്ങപ്പെട്ടു. കൃഷിസ്ഥലത്തു വെള്ളം കേറുന്നത് കണ്ടപ്പോൾ രാമു ആകെ തളർന്നുപോയി. പെട്ടന്നാണ് അവൻ അത് ഓർത്തത് തന്റെ കുടുംബം അവന്റെ കണ്ണുകളെ ആ കാഴ്ച നിശ്ചലമാക്കി. തന്റെ വീട് ആ മഴവെള്ളപ്പാച്ചിലിനോടൊപ്പം ഒലിച്ചുപോയി.

അവൻ അവിടെ നിറഞ്ഞ വെള്ളത്തിനൊപ്പം നീന്തി തന്റെ കുടുംബത്തെ തിരഞ്ഞു. എന്നാൽ അവന് കണ്ടെത്താനായില്ല.

ആ നാട്ടുക്കാരെക്കൊണ്ടാണ് തനിക്കും അവർക്കും ഒരേ ഗതി വന്നത്. രാമു തന്റെ കുട്ടികളെ ഓർത്ത് നിശ്ചലനായി. അപ്പോഴാണ് ആ നിലവിളികൾ അവനു ഉണർവ് നൽകിയത്. അവന് അവനെ നിയന്ത്രിക്കാൻ കഴിയാത്തവിധത്തിൽ ശക്തികൂടിക്കൂടിവന്നു. ചില കുടുംബാംഗങ്ങൾക്ക് പല ആളുകളെയും നഷ്ടപ്പെട്ടു. എല്ലാവരെയും രക്ഷിക്കാൻ രാമു നെട്ടോട്ടമോടി. ഒരുപാട് ജീവന് അവന് പുനർജ്ജന്മം നൽകി. അവർ അവനോട്

ക്ഷമ ചോദിച്ചു. അതൊന്നും കേൾക്കാൻ നിൽക്കാതെ അവന്റെ ജോലി തുടർന്നു. അവന്റെ ആ ധൈര്യം അവനെ വലിയവനാക്കി. അനവധി ജീവൻ രക്ഷിച്ച അവൻ വല്ലാതെ തളർന്നു.

പെട്ടന്ന് വന്ന ആ ജലപ്രവാഹം അവനെ അവന്റെ കുടുംബത്തിനോടൊപ്പം തുടർന്നുജീവിക്കാൻ മറ്റൊരു ജന്മം നൽകി. അവൻ പതിയെപ്പതിയെ മരണത്തിലേക്ക് വീണു. അവൻ തന്റെ മക്കളോടൊപ്പം മറ്റൊരു തീരത്തേക്ക് നടന്നകന്നു. മഴയുടെ ശക്തി കുറഞ്ഞു. കാറ്റ് തളർന്നു. ആ പ്രളയം നാടിന്റെ സപ്തനാഡിയേയും ഒരു രാജവെമ്പാലപ്പാമ്പിന്റെ  വിഷം കൊണ്ട്

നിറച്ചു. ആ നാട്ടിൽ ഒരുപാട് ആളുകൾ മരണമടഞ്ഞു. അങ്ങനെ ഒരു വ്യക്തിത്വം ആയി തീർന്നു രാമു. പിന്നെയും പുഴകൾ ഒഴുകി. ആ വെള്ളപ്പാച്ചിലിൽ ആ ഓളങ്ങളിൽ രാമുവിന്റെ പേര് കേട്ടില്ല. കാറ്റ് വീശി ആ സ്വരത്തിൽ രാമുവിന്റെ പേര് ഉച്ചരിച്ചില്ല. ആ നാട് അദ്ദേഹത്തിനെ മറക്കാൻ തുടങ്ങി. പതിയെപ്പതിയെ മറന്നു. പിന്നെ ആ നാട്ടിൽ കണ്ടതാകട്ടെ നാടുമാത്രമല്ല ആ ഗ്രാമത്തിനപ്പുറമുള്ള പ്രദേശങ്ങളും ഒന്നിച്ചു. രാമുവിന്റെ സ്വപ്നം. താഴ്ന്നവരും ഉയർന്നുവരും ആഘോഷങ്ങളിലും ദുഃഖങ്ങളിലും ഒരുപോലെ പരസ്പരം സ്നേഹിച്ചു ജീവിക്കുന്നു. അവർ ഒരു

കുടുംബത്തെ പോലെ ഒരു ജീവിതം നയിക്കാൻ തുടങ്ങി. മറ്റു നാട്ടുകാർ അവർക്ക് ഒരുപാട് സഹായം നൽകി. പക്ഷേ പ്രകൃതിയെ സ്നേഹിച്ചവനെ പ്രകൃതിപോലും മറക്കുകയായിരുന്നു. ആ മനുഷ്യനെ എന്ന് ഇനി ഓർക്കും. ഒരു പ്രളയം അവന്റെ ആഗ്രഹം സഫലമാക്കി. എന്നാൽ അവന്റെ ജീവിതം അസഫലമാക്കി തീർത്തു. രാമു എപ്പോഴും ആ നാട്ടിൽ തന്നെ തിങ്ങി നില്ക്കുന്നു.

അവന്റെ സ്വപ്നം കണ്ടു കൊണ്ടു ..............................................................അവൻ അങ്ങനെ ആരും അറിയാതിരുന്നു..................

-അമൽക്ക്യഷ്ണ എസ്



**മഴക്കാലത്ത്**

*ഏതോ കലപില ശബ്ദം കേട്ടാണ്*

*അവൾ ഉണർന്നത്.ആ കാഴ്ച*

*കണ്ടു അവൾ അതിശയിച്ചു*

പോയി. തുറന്നിട്ട ജനാലയുടെ
കമ്പിയിൽ അതാ മഞ്ഞ നിറമുള്ള
ഒരു കുഞ്ഞിക്കിളി .......! മഴ
നനഞ്ഞു തണുത്തു വിറക്കുന്നു
.....കൂനി പിടിച്ച്യ അനങ്ങാതെ
ഇരിക്കുകയാണ് ആ മഞ്ഞക്കിളി.
വീണ്ടും വീണ്ടും അവൾ ആ
കുഞ്ഞിക്കിളിയെ നോക്കി.
"പാവം മഞ്ഞക്കിളി.....".
അവൾ അടുത്തേക്ക് നീങ്ങി.

കുഞ്ഞിക്കൈ നീട്ടി . മഞ്ഞക്കിളി കൈയിലേക്ക് പതിയെ കയറി ഒതുങ്ങിയിരുന്നു .മഞ്ഞക്കിളിയുടെ നനവ് അവളുടെ ദേഹം മുഴുവൻ കുളിരു നിറച്ചു .അവൾ അതിനെ നെഞ്ചോട് ചേർത്തു.

പുറത്തൊരു കിളി വല്ലാതെ ബഹളം വയ്ക്കുന്നുണ്ട്.അത് അമ്മക്കിളി ആയിരിക്കും . മനസ്സില്ലാ മനസ്സോടെ അവൾ ആ മഞ്ഞക്കിളിയെ

ജനാലയിലൂടെ

പുറത്തേക്കുനീട്ടി .

-അനന്യ അജി

# Puppy



*On a puppy's sleepy*
*spotted tummy*
*the sun connects her dots.*

*Her back legs tricycle.*
*Her pink snout-*
*of-a-velvet church*

***beads with milk;***
***a muffle; an eye***
***swims under its lid***

***as her brother’s tongue***
***takes her ear up***
***like a flower petal.***

***-DHEERAJ S.S***

# ഹരിത വിദ്യാലയം







**<u>പൂപ്പുഞ്ചിരി</u>**

*ചേലേറും ചേമന്തിപ്പൂ*
*ചാലേ വിരിഞ്ഞൊരു തോട്ടത്തിൽ*
*സുന്ദരമായൊരുടുപ്പിട്ടു*

## ചിന്ത പതംഗം വന്നെത്തി

ഓരോ പൂവിനുമുമ്മ കൊടുത്തു
അരുമയോടാവയെ കൊഞ്ചിച്ചു
പുള്ളിയുടുപ്പിൻ ചന്തത്തിൽ
നിർത്തം ചെയ്തു പൂമ്പാറ്റ

പാട്ടും നിർത്തവുമായിട്ടങ്ങനെ
ശലഭം തീർക്കും പൊടിപൂരം
എല്ലാം കണ്ടു ചാഞ്ചാടിടും
പൂവിൻ ചിരിയോ ബഹുകേമം

-രേവതി എസ് ഡി

# Constellations




***My favourite colour is navy blue,***

***the color of a childhood book***

***about stars.***

***My father read it to me on the couch,***
***took me outside and showed me the Big Dipper, and the Little Dipper,***
***and how to find the North Star.***
***All of this was right in front of our house.***
***We looked up into the sky until it looked back.***
***The book said we spin without realizing it.***
***It told where we are in the Milky Way***

***but my father and I don't know***

***how we got here.***

***Neither of us mentions it.***

***We do not know how to do the***

***maths***

***on astronomical odds as big as***

***that.***

*-GOPU G B*

# Lovely tree



Lovely tree,
Yesterday
wild winds of winter combed
your black and twining hair.
When dawn blinked
You emerged

softly capped in ermine,
star-kissed with diamonds.
Wind’s sharp breath caught in his throat
and sun, stricken sun,
can’t turn his eye from you.

Soft comes the hush of eventide
And songbirds hide
In limbs of budded trees
To bid farewell to setting sun
With lullabies they’ve sung
Each night for centuries.

A lark is winging swiftly home –
Black dot alone –
Beneath auroral clouds.
All nature makes a homeward rush

As twilight’s rosy blush
The eyes of night arouse.

*-ABHINAV A R*



## സന്ധ്യ

*നെറുകയിൽ ചൂടി*

*ചോപ്പിൽ ചന്ദനം*

*വന്നെത്തി*

*സന്ധ്യ നേരം*

*കിളിതൻ കൂട്ടം മന്ദം മന്ദം*

കൂടാണയാനായി പാറുന്നു .
ആകാശത്തായ് അമ്പിളി മാമൻ
മന്ദഹസിക്കും നേരത്തു
ബന്ധുര കാഴ്ചകളോരോന്നായ്
മാനത്തങ്ങനെ തെളിയുന്നു

-ആരതി എ ആർ



## വരൾച്ചപ്രതിരോധമാർഗ്ഗങ്ങൾ

** നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുക .*

** മഴ വെള്ള സംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുക*

*ഭൂ ജല പരിപോഷണ രീതികൾ സ്വീകരിക്കുക .

*തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക

* ജലസ്രോതസ്സുകൾ മലിനമാക്കാതിരിക്കുക .

* പുഴയോരങ്ങളിലെ മണ്ണെടുപ്പും മണ്ണിടിച്ചിലും തടയുക .

* മണ്ണ് -ജല സംരക്ഷണം ഉറപ്പാക്കുന്ന കൃഷിരീതി അവലംബിക്കുക .

* ജലവിനിയോഗത്തിൽ മിതത്വം പാലിക്കുക .

*വനവൽക്കരണം പ്രോത്സാഹിപ്പിക്കുക .

**-അഞ്ജലീകൃഷ്ണ എസ്**



## സൂര്യൻ

*വീടിന പിറകിൽ കുന്നിൻ*

*മുകളിൽ*

*സൂര്യനുദിച്ചല്ലോ*

*മഞ്ഞ നിറത്തിൽ*

*സ്വർണ്ണനിറത്തിൽ*

*സൂര്യനുദിച്ചല്ലോ*

*ആഹാ ! നല്ലൊരു*

*പ്രഭാതമെങ്ങനെ*

*പൊട്ടിവിടർന്നല്ലോ*

***-സൂരജ് എസ് ബി***

<u>**മഴയും വെയിലും**</u>



*സ്കൂൾ അവധിയായ ഒരു ദിവസം*

*കാശി എന്നൊരു കുട്ടി രാവിലെ*

*എഴുന്നേറ്റപ്പോൾ നല്ല  വെയിൽ*

കണ്ടു . കാശി പെട്ടന്ന് അവന്റെ

ബാഗ് കഴുകിയിട്ടു .എന്നിട്ടവൻ

കൊച്ചുടിവിയും കണ്ടിരുന്നു

.അപ്പോൾ പെട്ടെന്നൊരു മഴ

വന്നു അവന്റെ ബാഗ് മുഴുവൻ

നനഞ്ഞു .അപ്പോൾ അവൻ ബാഗ്

എടുക്കാൻ ഓടിച്ചെന്നതും വീണ്ടും

നല്ല വെയിൽ വന്നു .

അപ്പോളവന്റെ 'അമ്മ പറഞ്ഞു

മഴയും വെയിലും ഒരുമിച്ചു വന്നാൽ

കുറുക്കന്റെ കല്യാണം . അത് കേട്ട് കാശി ചിരിച്ചു .

-നന്ദന ഡി എസ്

## DRAWINGS OF YOUNG STUDENTS




*Drawing 2: ANUJA.M,2.A*




*Drawing 1: ARUN VIJAY.V.S*



*Drawing 3: KEERTHANA S NIVIN,1.A*



*Drawing 4: YADUKRISHNAN ,1.A*

# എന്റെ നാട്



*പുഴകളും പൂക്കളും ഉള്ള നാട്*

*അരുവിയും മാമലകളും ഉള്ള നാട്*

*കളകളം പാടുന്ന തേനരുവികൾ*

*കുയിലുകൾ പാടുന്നു*

*മയിലുകൾ ആടുന്ന*

*എന്തുസുന്ദരമീ എന്റെ നാട്*

***-കൃഷ്ണദേവ് കെ എസ്***



## ഉപദേശിക്കാൻ പോയ പക്ഷി

മഞ്ഞുകാലമായിരുന്നു . നല്ല
തണുപ്പ് കുരങ്ങൻ കുറെ
കരിയിലകൾ കൂട്ടിയിട്ടു തീ
കായൻ തീരുമാനിച്ചു .

*തീ കത്തിക്കാൻ തീപ്പെട്ടി ഇല്ല .*
*അതാ പറന്നുവരുന്ന ഒരു*
*മിന്നാമിനുങ്ങ് .*
*കുരങ്ങൻ അതിനെ പിടിച്ചു*
*കരിയിലകൾക്കിടയിൽ വച്ച്*
*ശക്തിയായി ഊതാൻ തുടങ്ങി .*
*കരിയിലകൾ*
*പറന്നുപോയ്ക്കൊണ്ടിരുന്നു*
*അതല്ലാതെ മിന്നാമിനുങ്ങിനെ*
*വച്ച് ഊതിയിട്ടും കരിയില തീ*
*പിടിക്കുന്നില്ല .*

ഒരു മരത്തിന്റെ മുകളിലിരുന്ന് ഒരു പക്ഷി  കുരങ്ങൻ ചെയ്യുന്ന ഈ വിഡ്ഢിത്തങ്ങൾ കാണുന്നുണ്ടായിരുന്നു .

"ഏയ് കുരങ്ങച്ചാ മിന്നാമിനുങ്ങിനെക്കൊണ്ട് തീ കത്തിക്കാൻ പറ്റില്ല ". പക്ഷി പറഞ്ഞു . കുരങ്ങൻ മേലോട്ടുനോക്കി "രണ്ടു കല്ലുകൾ കൂട്ടി ഉരച്ചാൽ തീയുണ്ടാകും "

പക്ഷി കുരങ്ങനെ ഉപദേശിച്ചു .ആ ഉപദേശം കേട്ടപ്പോൾ കുരങ്ങന് കോപമാണ് തോന്നിയത് അവൻ മരത്തിന്റെ മുകളിലേക്ക് ചാടിക്കയറി .പക്ഷി ഉടനെ പറന്നു രക്ഷപ്പെട്ടു . കുരങ്ങൻ ദേഷ്യം അടക്കാനാവാതെ പക്ഷിയുടെ കൂട് തകർത്തു . അതിലുണ്ടായിരുന്ന പക്ഷിക്കുഞ്ഞുങ്ങളെ പിടിച്ചു ഞെരിച്ചു കൊന്നു .പാവം പക്ഷി അത് കരഞ്ഞു .വിവരമില്ലാത്തവരെ

*ഉപദേശിക്കുന്നത് വളരെ സൂക്ഷിച്ച് വേണമെന്ന് അതോടെ പക്ഷി മനസ്സിലാക്കി*

***-അഭിജിത്ത് എം***

## പൂക്കളെവിടെ



*സുന്ദരി പൂമ്പാറ്റ പൂന്തേൻ തേടിയിറങ്ങി. ചെടിയായ*

ചെടിയെല്ലാം പാറി നടന്നു .
എങ്ങും ഒരു പൂവും കാണാനില്ല .
ഈ പൂക്കളെല്ലാം
എവിടെപ്പോയി? ആരെങ്കിലും
പിച്ചി എടുത്തതാണോ ? പറന്നു
പറന്നു ചിറകുകൾ കുഴഞ്ഞു . ഇനി
പറക്കാൻ വയ്യ . ഇത്തിരി നേരം
വിശ്രമിക്കാം .
പുൽക്കൊടിത്തുമ്പിൽ സുന്ദരി
പരന്നിരുന്നു . ചിപ്പ് ചിപ്പ് ചിപ്പ്
കുരുവിപ്പെണ്ണ് ആടിപ്പാടി വരുന്നു

അവളോട് ചോദിക്കാം .
അവൾക്കു അറിയാതിരിക്കില്ല
അരുളിയുടെ കൊമ്പിൽ
കുരുവിപ്പെണ്ണ് ഇരുന്നു .
സുന്ദരി: കുറുവപ്പറന്നെ നീ
എവിടെപോയതാ
കുരുവിപ്പെണ്ണ്: തേൻ തേടി
ഇറങ്ങിയതാ.
പൂക്കൾ തേടിയത് മിച്ചം
വിശന്നിട്ടു വയ്യ
സുന്ദരി: പൂക്കളില്ലാത്ത ചെടികൾ
കാണുമ്പോൾ എനിക്ക് വിഷമം

വരുന്നു  ഞാൻ അത്ര മാത്രം
പൂക്കളെ ഇഷ്ട്ടപ്പെടുന്നു .
കുരുവിപ്പെണ്ണ്: ഈ പൂക്കളെല്ലാം
എവിടെപ്പോയി ? ആരോടാ ഒന്ന്
ചോദിക്കുന്നത് .
സുന്ദരി: നമ്മുടെ കുട്ടികുരങ്ങാനല്ലേ
ആ വരുന്നത് അവനോട്
ചോദിക്കാം
വള്ളികളിൽ ഊഞ്ഞാലാടി
ചില്ലകൾ തോറും ചാടിമറിഞ്ഞു
കുട്ടിക്കുരങ്ങൻ അരുളിച്ചെടിയുടെ
അടുത്തെത്തി

കുട്ടിക്കുരങ്ങൻ : കൂട്ടുകാരെ എന്താ

വിഷമിച്ചിരിക്കുന്നത് .

സുന്ദരി: എന്ത് സൗന്ദര്യമാണ്

പൂക്കൾ  പൂക്കളെയൊന്നും

കാണാനില്ലല്ലോ ?

കുട്ടിക്കുരങ്ങൻ : എന്താ

......സംഭവിച്ചത്?

കുരുവിപ്പെണ്ണ്: ചെടിയായ

ചെടിയെല്ലാം കയറിയിറങ്ങി

പൂക്കളൊന്നും കാണാനില്ല .

സുന്ദരി : ഈ പൂക്കളെല്ലാം

എവിടെ പോയതാ കുരങ്ങച്ചാ

.....നിനക്കറിയാമോ ? (കരയുന്നു )

കുട്ടിക്കുരങ്ങൻ : നമുക്ക്

അന്വേഷിക്കാം പൂക്കൾക്ക്

എന്ത് പറ്റിയെന്നു

കുരുവിപ്പെണ്ണ്: ശരിയാ

എല്ലാവരും വരൂ .

**അനുപ്രിയ ബി**



**<u>പുതിയ ആകാശം പുതിയ ഭൂമി</u>**

*കുഞ്ഞിതത്ത ആദ്യമായി*

*ചിറകടിച്ചു പുറത്തേക്കു പറന്നു .*

*ഹായ്! തണുത്ത ഇളം കാറ്റത്തു*

*പറക്കാൻ എന്തുരസം !അവൾക്കു*

*സന്തോഷമായി . മാനത്തു അവൾ*

*വട്ടമിട്ടു പറന്നു . എന്തെല്ലാം കാഴ്ചകൾ ! റോഡിലൂടെ നിരനിരയായി വാഹനങ്ങൾ പോകുന്നത് കാണാൻ എന്ത് ഭംഗി ! അവൾ പിന്നെയും ചിറകടിച്ചു ആവേശത്തോടെ പറന്നു .*

*പുഴയ്ക്കു മുകളിലൂടെ ........*

*മലകൾക്കു മുകളിലൂടെ .......*

*കൂട്ടിനുള്ളിൽ നിന്ന് കണ്ടാലോകമല്ല ഇപ്പോൾ കാണുന്നത്. എല്ലാം ഏറെ*

പുതുമയുള്ള കാഴ്ചകൾ .
പരുന്തച്ഛന്റെ ചിറക് വിടർത്തി
ചരിഞ്ഞുള്ള പാറക്കൽ അവൾക്കു
ഏറെ ഇഷ്ടമായി . അവളും
ചരിഞ്ഞും മറിഞ്ഞുമൊക്കെ പാറി
.....പാറിനടന്നു .
സന്ധ്യ ആകാറായി അവൾ
കൂടിനെ ലക്ഷ്യമാക്കി വേഗത്തിൽ
പറന്നു .അപ്പോൾ കുഞ്ഞിതത്ത
മനസ്സിൽ പറയുന്നുണ്ടായിരുന്നു
ഈ ലോകം സുന്ദരം തന്നെ

**പവിത്ര എസ്സ്സുരേഷ്**

## DRAWINGS OF LEARNERS



*Drawing 5: ALFIYA.S ,9.A*



*Drawing 6: RITU POORNA,1.A*

**<u>രാത്രിയുടെ ഭംഗി</u>**

*നിലാവിൽ കുളിച്ച നിൽക്കുന്ന*

*രാത്രി ......!!!*

*അങ്ങ് ദൂരെയുള്ള*

*മാമരങ്ങൾ വളരെ വ്യക്തമായി*

*കാണാം*

*തെളിഞ്ഞ രാത്രി ...!!!*



ചന്ദ്രൻ ആകാശത്തു

വെള്ളിത്തളികപോലെ

തിളങ്ങുന്നു.

കണ്ണ് മിഴിച്ചു നോക്കുന്ന

വെള്ളപ്പൂക്കളുടെ

ഭംഗിയും മണവും ഒന്ന് വേറെ

തന്നെ ...

അങ്ങ് ദൂരെ ഉയർന്നു നിൽക്കുന്ന

മലമടക്കുകളുടെ ഭംഗി

നിലാവെളിച്ചത്തിൽ

കാണേണ്ടത് തന്നെ

നിലാവിൽ

ഒരു വെള്ളിയരഞ്ഞാണം പോലെ

പുഴ

നക്ഷത്രങ്ങൾ

മുല്ലപ്പൂ

വാരിയെറിഞ്ഞിട്ടെന്നപോലെ

കണ്ണെടുക്കാതെ നോക്കി

നിന്നപ്പോൾ

മിന്നുന്ന ആ നക്ഷത്രങ്ങൾ

എന്തോ പറയുന്ന പോലെ

ചെറുകാറ്റിൽ ആലോലമാടുന്ന

ഇലകൾ രാത്രിയുടെ ഭംഗി

കൂട്ടുന്നു . സന്ധ്യ ആയാൽ

എനിക്ക് പുറത്തിറങ്ങാൻ

പേടിയായിരുന്നു . ഇന്ന് രാത്രി
അച്ഛന്റെ കൂടെ ഞാൻ
പുറത്തിറങ്ങി
രാത്രിയുടെ ഭംഗി പറഞ്ഞാലും
പറഞ്ഞാലും തീരില്ല ..............!!!

-അഷ്ടമി എസ് പ്രസാദ്

# <u>തത്തമ്മയും അണ്ണാറക്കണ്ണനും</u>



ഒരു കാട്ടിൽ തത്തയും അണ്ണാനും ഉണ്ടായിരുന്നു . അവർ കൂട്ടുകാരായിരുന്നു . ഒരു ദിവസം താത്തയുടെ കൂട്ടിൽ പാമ്പു

വന്നിരുന്നു . തത്തയ്ക്ക് കൂട്ടിൽ
കയറാൻ പറ്റാതായി . എന്ത്
ചെയ്യും തത്ത കരയാൻ തുടങ്ങി
അണ്ണാൻ ഇത് കണ്ടു കൊണ്ട്
വന്നു .പാവം തത്തയെ
സഹായിക്കണം അവൻ
വിചാരിച്ചു .
അവൻ ചാടി ചാടി ഒരു തവളയെ
ചെന്ന് കണ്ടു . എനിക്കൊരു
സഹായം ചെയ്തു തരാമോ എന്ന്
ചോദിച്ചു . എന്നിട്ടു തത്തമ്മയുടെ

*കാര്യം പറഞ്ഞു . തവള കുട്ടിനു താഴെ വന്നിരുന്നു ക്രോ ... ക്രോ .... കരഞ്ഞു . അത് കേട്ട് പാമ്പു കുട്ടിൽ നിന്ന് ഇഴഞ്ഞു താഴേക്ക് വരാൻ തുടങ്ങി  തവള ഉടനെ കുളത്തിലേക്ക് ചാടി . തത്തമ്മ അണ്ണാന് നന്ദി പറഞ്ഞു .*

-അൻസി എൻ എ

# ചെടി



ഞാൻ നട്ടു വളർത്തിയ ചെടി.
ഞാൻ വെള്ളമൊഴിച്ച് വളർത്തിയ
ചെടി. ചെടി വളർന്ന് വലുതായി.
ചെടിയിൽ പൂക്കൾ മൊട്ടിട്ടു.

ഓരോ ദിവസവും ഞാൻ

നോക്കിനിന്നു. മൊട്ടുവിരിഞ്ഞു

. ഹായ്! നല്ല ചുവന്നുതുടുത്ത

റോസാപ്പൂക്കൾ.

ഹായ്! പൂവിന് നല്ല സുഗന്ധം .

വർണ്ണമുള്ള കുഞ്ഞുപൂമ്പാറ്റകൾ

പാറിവന്നു. അവ പൂവിനുചുറ്റും

ആനന്ദ നൃത്തംചെയ്തു.

അവ തേൻ നുകർന്നു. അത് ഞാൻ

നോക്കി നിന്നു.

-പവിത്ര യു



## **ഏഴ് നിറമുള്ള കടലാസ് പെൻസിൽ**

*നീ വരയ്ക്കുന്നതിനെല്ലാം ഒറ്റ നിറമല്ലേ. കറുപ്പുനിറംമാത്രം. ചായ പെൻസിൽപരിഹസിച്ചു. അതുകേട്ട് കടലാസുപെൻസിലിന് സങ്കടം*

വന്നു. ഗൗരി മോളുടെ ബോക്സിലാണ് ഇവർ രണ്ടു പേരും താമസിക്കുന്നത്. പക്ഷെ ഇവർ തമ്മിൽ അത്ര രസത്തിലല്ല. ഒരു ദിവസംഎല്ലാവരുംഉറങ്ങിക്കഴി ഞ്ഞപ്പോൾ ചായ പെൻസിൽ ബോക്സ് വീട്ടിന്റെ വാതിൽ തുറന്ന്പുറത്തേക്ക്നോക്കി. നിലാ വ്മുറിക്കുള്ളില്നിറഞ്ഞുനിന്നു. പുറ ത്തേക്കിറങ്ങി ഗൗരി മോളുടെ ബുക്കിൽ ഒരു മഴവില്ല് വരച്ചു. ക്ഷീണിച്ച ചായ പെൻസിൽ

വീട്ടിലെത്തിയപ്പോൾ ഉറങ്ങി പോയി. കടലാസ് പെൻസിൽ ഇതൊക്കെകൊണ്ടുണ്ടായിരുന്നു. എന്താ ചെയ്യുതെന്നറിയാൻ കടലാസ് പെൻസിലിന് കൗതുകമായി. പതിയെപുറത്തിറങ്ങി. ബുക്കിൽ ചായ പെൻസിൽ വരച്ച മഴവില്ല് കണ്ട് കടലാസ് പെൻസിൽ അമ്പരന്നു. കടലാസ് പെൻസിലിന് ഉള്ളിൽ ഒരു കവിത

വന്നു. കടലാസ് പെൻസിൽ

എഴുതി, മഴവില്ലേ...... മഴവില്ലേ.......

നിന്നെ കാണാൻ എന്തു രസം

ആരു തന്നു നിനക്കീ

ഏഴുനിറത്തിലെ പൂഞ്ചോല?

കാർമേഘത്തിന്

ഓമനയല്ലേ....... ആകാശത്തിന്

അഴകല്ലേ......

വന്നിട്ടുടനേ തിരക്കുകൂട്ടി ഓടി

പോണത് എങ്ങോട്ടാ....

നേരം പുലർന്നു. ഗൗരി മോൾ മഴവില്ലും, കവിതയും കണ്ടു. അവൾക്ക് സന്തോഷമായി. അവൾ അത് എല്ലാവരേയും കാണിച്ചു. ചായ പെൻസിലിനും, കടലാസുപെൻസിലിനുംസന്തോഷമായി.

**-ആദിത്യ എൻ സ്**

## പ്രകൃതിയുടെ ശബ്ദം



ധർമ്മപുരിയെന്ന

അതിമനോഹരനായ

പ്രദേശം.കുന്നും മലകളും പൂക്കളും

മരങ്ങളും പുഴകളും എല്ലാം കൊണ്ട്

പ്രകൃതിയോട് ഇണ ചേർന്ന

പ്രദേശമായിരുന്നു അത്. അവിടെ ഒരു മുത്തശ്ശി ഉണ്ടായിരുന്നു. ആ മുത്തശ്ശി പ്രകൃതിയോട് സംസാരിക്കുമായിരുന്നു. അവർക്ക് ഒരു മകനുണ്ടായിരുന്നു നാരായണൻ. അദ്ദേഹം സ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്നു. എപ്പോഴും സന്തോഷം മാത്രമായിരുന്നു അവിടെ ഉള്ളവർക്ക്. പെട്ടന്നാണ് ആ ഗ്രാമത്തിലേക്ക് ഒരു അതിഥി

വന്നത് സാഗർ, ഒരു കൺ

ട്രക്കറാണ്. നമ്മുടെ

നാടിൻറഅതിപതനം

തുടങ്ങി. അദ്ദേഹം ഇവിടെ ഒരു 5

സ്റ്റാർ ഹോട്ടൽ നിർമ്മിക്കാൻ

വന്നതാണ്. ആ മലകൾ

ഇടിച്ചുനിരത്തിനിർമ്മിക്കാനായി

രുന്നു ഉദ്ദേശ്യം. ആ

ഗ്രാമവാസികളെല്ലാം അതിനെ

എതിർത്തു. എന്നാൽ അതിന്

ഫലമുണ്ടായില്ല. അവസാനം

അവർ ഇവിടെ ഹോട്ടൽ
നിർമ്മിക്കാൻ തീരുമാനിച്ചു. പിറ്റേ
ദിവസം അതിനുവേണ്ടുന്ന
വണ്ടികളും സാധനങ്ങളും
ആളുകളുമെത്തി. അവർ അവരുടെ
പണികൾ ആരംഭിച്ചു.
ആ മലകൾ ഇടിക്കാൻ
തുടങ്ങി. പെട്ടന്ന് ഭൂ മി
പിളർക്കുന്നത് പോലൊരു ശബ്ദം.
ആ മലകൾ ഇടിഞ്ഞ് ഉരുൾ

പൊട്ടിവന്നു. ധാരാളം ജീവനുകൾ പൊലിഞ്ഞു.

-ശിവാനന്ദ ഹരി

# The poor shepherd



*Once there lived a shepherd in a costal village . He led his life smoothly selling meat and milk-once enchanted by the calm sea he sold all his sheep bought dates and began his journey on a boat . He was counting on the big bucks he'll earn*

*by selling the sacks full of dates*


*But a heavy storm wrose in the mid journey . The boat was on the verge of sinking . The shepherd pointed towards the sea all said*

*"Dear good man she wants more dotes it see my. Hence she appeard calm"*

*Moral: mishaps teach many lessons to men*

*-AFZANA FIROZ*

# DRAWINGS OF STUDENTS



*Drawing 7: ALFIYA.S,9.A*



*Drawing 8: GOPIKA.R*



*Drawing 9: SOJA .S 8.A*



*Drawing 10: ANANYA AJAY*

നന്ദിയോടെ.......................




ലിറ്റിൽകൈറ്റ്സ് ഐറ്റിക്ലബ് കൂട്ടുകാർ